"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/22/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-06-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ക്ഷീരവികസനം - പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കൂടുതൽ ഉരുക്കളെ എത്തിക്കുന്നതിനായി ഫോക്കസ് ബ്ലോക്കുകളുടെ പരിധിയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ "കറവപ്പശുക്കളെ വാങ്ങൽ" എന്ന പദ്ധതി ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 06.01.2024ലെ DDDKER/3404/2023-D3 നമ്പർ കത്ത്.

*********************

2024-25 വർഷം 'സ്വയംപര്യാപ്തത ക്ഷീരകേരളം' വർഷമായിട്ട് പ്രഖ്യാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ ആവശ്യമുള്ള പാലിന്റെ അളവിനേക്കാൾ 7.71 ലക്ഷം മെട്രിക് ടൺ കുറവാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. പാൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള "Short Term Plan" നുകളിൽ പ്രധാന പദ്ധതിയാണ് "Herd Induction" (ഉരുക്കളെ വാങ്ങുന്ന പദ്ധതി). ഇതിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 10,000 കന്നുകാലികളെ അധികമായി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു.

പാൽ ഉത്പാദനത്തിൽ മുൻപന്തിയിലുള്ള, ക്ഷീരമേഖലയിൽ മികവ് പുലർത്തുന്ന 50 ഫോക്കസ് ബ്ലോക്കുകളിലെ ക്ഷീരവികസന യൂണിറ്റുകളെ കേന്ദ്രീകരിച്ച് "Herd Induction" പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി, ക്ഷീരവികസന വകുപ്പ് തെരഞ്ഞെടുത്തിട്ടുള്ള 50 ഫോക്കസ് ബ്ലോക്കുകളുടെ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളും "കറവപ്പശുക്കളെ വാങ്ങൽ" എന്ന പദ്ധതി 2024-25 വർഷം ഉൽപാദന മേഖലയിൽ ഒരു നിർബ്ബന്ധിത പദ്ധതിയായി ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ സൂചന 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

കറവപ്പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്

സൂചിത മാർഗ്ഗരേഖ ഖണ്ഡിക 6.3.1 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വർഗ്ഗഗുണമുള്ളതും ഉല്പാദന ശേഷിയുള്ളതുമായ ജേഴ്സി, HF ഇനങ്ങളിൽപ്പെട്ട കന്നുകുട്ടികളെ 100 വീതം വാങ്ങി ഫാമുകളിൽ വളർത്തി ഒരു വർഷം പ്രായമാകുമ്പോൾ കർഷകർക്ക് സർക്കാർ ഫാമുകളിലെ വിലയ്ക്ക് നൽകുന്നതിന് ജില്ലാ പഞ്ചായത്തുകളെയും അനുവദിച്ചിട്ടുണ്ട്. പാൽ ഉത്പാദനത്തിൽ മുൻപന്തിയിലുള്ള, ക്ഷീരമേഖലയിൽ മികവ് പുലർത്തുന്ന, അനുബന്ധമായി ചേർത്തിട്ടുള്ള ഫോക്കസ് ബ്ലോക്കുകളുടെ പരിധിയിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ, അപേക്ഷകരുടെ ആവശ്യം അനുസരിച്ച്, 'കറവപ്പശുക്കളെ വാങ്ങൽ' പദ്ധതി 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്, ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
16. ക്ഷീരവികസന വകുപ്പ് (D3/12/2024-DD)
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-06-2024 16:56:33

സെക്ഷൻ ഓഫീസർ.